have the beggars in Trichur decreased, have beggars in Mattancheri decreased, have the beggars in Ernakulam decreased?

Mr. C. J. Mathew *(Joint Secretary to Government):* I object to this kind of speech. I only said that the beggars are a huge number which cannot be tackled. But I said that there is some decrease in that number.

Mr. V. J. Mathai *(Planters):* Therefore, every word of the Joint Secretary requires a commentary. He says this is not the time for taking up this question. I ask this house whether this is not the time. Is this not the time when beggars are increasing, when there is no rice, when there is no food? Is this not the occasion?

Then what is the other argument? The legislation for imposing a taxation should come from the non-official side. Is there a more wonderful proposition? Are we here to bring laws for imposing tax or is it for the Treasury Bench? Have you not brought pieces of legislation like the Excess Profits Tax Act, the Income-Tax Act? Are they laws brought by the non-official side? When Mr. C. V. Iyyu brought a bill for imposing super-tax it was said that it is for the Treasury Bench to bring such a legislation. And here is a fundamental proposition that legislation should come from non-officials! I ask, is there no money in Cochin? Is there difficulty to find out places for housing the beggars? If need be, you must convert your Ram Mohan Palace into a home for the beggars. Even before you entertain State guests you must feed the beggars in your country. Cut down the salaries of big officers. Take out the money and feed the poor. Impose a tax upon the rich. Mr. Churchill, is paying 17s. 6d. in the pound out of the 10,000 pounds which he gets as his salary per year. Collect more taxes. Instead of 17s. 6d. in the pound, collect 4 annas in the rupee from the salary of the highly paid officers. Instead of collecting 4 pies as income-tax, at least collect 5 pies from the rich and feed the food-less—Don't allow your unfortunate sisters to contract all the unnameable diseases the existence of which the Hon'ble Member for Medicine knows. I say there is a suggestion thrown out. It is nothing but complete irresponsibility and complete irresponsiveness to say that this is not the time, when you know that this is the proper time and to say that all the beggars round about will come over, which exactly is not the case, because you can prohibit them. Are you not sending away people who are creating unrest here? Is there any difficulty in finding out the place from which the beggars come? Is it difficult for the Cochin State to find out the place a beggar comes from? What is the difficulty? The scheme is easy. The scheme is simple. There is no necessity to go to Kottayam and bring all sorts of files. I strongly press upon the House, and I am glad that I have been supported from all quarters, that this is a vital problem, that this is a pressing problem and that Government should find money by hook or by crook for relief. Should you not uplift the beggars before you lift up the Depressed Classes? I ask, is this not a bigger thing? I say instead of your digging wells, for the Panchayats, instead of giving them libraries, should you not first of all feed the beggars? I would point out to the Hon'ble Minister that we are completly dissatisfied with the irresponsible manner in which the reserved half is behaving. I appeal to the Hon'ble Minister to see that in his time, his influence and the support of this House should be used to eradicate this problem. Whatever method is necessary, should be used. I commend this resolution for the acceptance of the House.

Resolution, put and carried

RESOLUTION No. 16

Adoption of Wardha scheme in Schools

മിസ്റ്റർ സി. കെ. നായർ: വിപ്ലവകരങ്ങളായ മാറ്റങ്ങൾക്കു വിധേയമാക്കാതെ വാർഡാവിദ്യാഭ്യാസപദ്ധതി നടപ്പിലാക്കാൻ പര്യാപ്തമായ ഒരു പാഠപദ്ധതി നമ്മുടെ വിദ്യാലയങ്ങളിൽ താമസംവിനാ സ്വീകരിക്കേണ്ടതാണെന്നു് ഈ സഭ ഗവൺമെണ്ടിനോടു ശുപാർശചെയ്യുന്നു എന്നാണു് ഈ പ്രമേയം. ഇന്നത്തെ വിദ്യാഭ്യാസസംപ്രദായം ഇൻഡ്യയിൽ നടപ്പായ കാലംമുതല്ക്കില്ലെങ്കിലും, കേവലം ഉദ്യോഗസ്ഥന്മാരെ, തൂലികാചലനോപജീവികളെ സൃഷ്ടിക്കുകയാണു് ഇന്നത്തെ വിദ്യാഭ്യാസസംപ്രദായംകൊണ്ടുദ്ദേശിക്കപ്പെട്ടിട്ടുള്ളതെന്ന പരമാർത്ഥം മനസ്സിലായ കാലംമുതല്ക്കു് ഈ വിദ്യാഭ്യാസപദ്ധതി ഇന്ത്യക്കാരുടെ ആക്ഷേപപാത്രമായിത്തീർന്നിട്ടുണ്ടെന്നു പറയാതെ കഴികയില്ല. ഈ ആക്ഷേപത്തിനു് ഒരു പരിഹാരവും ഇന്നോളം ഉണ്ടായിട്ടുമില്ല. ഇൻഡ്യയിൽ വളർന്നുവരുന്ന രാഷ്ട്രീയമായ പ്രബുദ്ധതമൂലം ഇൻഡ്യയിലെ വിദ്യാഭ്യാസപദ്ധതി ഇൻഡ്യക്കാക്കു പറ്റിയ രീതിയിൽ ആയിരിക്കേണ്ടതു് അത്യാവശ്യമാണെന്നു് നേതാക്കന്മാർക്കു തോന്നുകയും,

LIBRARY ARCHIVES Kerala Legislative Assembly

അതിനുപറ്റിയ ഒരു പദ്ധതി ഉണ്ടാക്കുന്നതിന്നായി ഒരു കമ്മിറ്റിയെ അടുത്തകാലത്തു രൂപീകരിക്കുകയുമുണ്ടായി. ആ കമ്മിറ്റിയുടെ ചിന്താസന്താനമാണ് വാല്പാ വിദ്യാഭ്യാസപദ്ധതി. ഞാൻ മനസ്സിലാക്കിയേടത്തോളം പ്രാഥമിക വിദ്യാഭ്യാസകാലം ഏ കൊല്ലമായി വല്പിപ്പിക്കുക; വിദ്യാഭ്യാസം സൌജന്യവും നിർബ്ബന്ധിതവുമാക്കുക; അദ്ധ്യയനം മാതൃഭാഷയിൽ ആയിരിക്കുക; ഏതെങ്കിലും പ്രയോജനകരമായ ഒരു കരകൌശലത്തെ കേന്ദ്രീകരിച്ചുകൊണ്ട് അദ്ധ്യയനം നൽകുക എന്നിങ്ങിനെ ചില പ്രധാന തത്വങ്ങളെ അടിസ്ഥാനമാക്കി രൂപീകരിച്ചിട്ടുള്ള അദ്ധ്യയനം ഇതാണ് വാല്പാവിദ്യാഭ്യാസപദ്ധതി. വിദ്യാഭ്യാസാനന്തരം വിദ്യാലയംവിട്ടു പുറത്തുവരുന്ന ഇന്നത്തെ വിദ്യാർത്ഥികളുടെ നില ശോചനീയമാണ്. ഉദ്യോഗസ്ഥന്മാരെ സൃഷ്ടിക്കുന്ന കമ്മട്ടങ്ങളായ വിദ്യാലയങ്ങളിൽനിന്നും ഉദ്യോഗാർത്ഥികളായി പുറത്തിറങ്ങി തൊഴിലില്ലാതെ തിരിയുകയാണവർ പ്രായേണ ചെയ്യുന്നതു്. ദയനീയമായ ഈ നില, വിദ്യാഭ്യാസപൂർത്തിയിലാസക്തരായവരെ 'എന്നിട്ടോ' എന്നു ചോദ്യത്തിലാണിന്നെത്തിച്ചുകാണാറു്. ഈ ദുഃസ്ഥിതിക്കു പരിഹാരം കാണലത്രെ വാല്പാവിദ്യാഭ്യാസപദ്ധതിയുടെ പരമോദ്ദേശം. ഈ പദ്ധതിയനുസരിച്ചു വിദ്യയഭ്യസിച്ചിട്ടുള്ള ഏതൊരാൾക്കും സ്വന്തം കാലിൽനിന്നു് സ്വപ്രയത്നംകൊണ്ടുപജീവിക്കുവാൻ സാധിക്കുമെന്നാണു് ഇതിനെപ്പറ്റി സ്വതന്ത്രമായി ചിന്തിച്ചിട്ടുള്ള ചിന്തകന്മാർ പറയുന്നതു്. ഇന്ത്യക്കു അഭിലഷണീയവും ആദരണീയവുമാണീപദ്ധതിയെന്നുവേണം പറയാൻ. ഇന്നല്ലെങ്കിൽ നാളെ ഇന്ത്യസ്വതന്ത്രയാകുമെന്നുള്ളതു തീച്ചയാണു്. ഭാരതം സ്വതന്ത്രമാകുമ്പോൾ അതിലെ വിദ്യാഭ്യാസസമ്പ്രദായവും സ്വതന്ത്രമാകതന്നെവേണം. അതായതു് ആരോ ഏതൊ ആവശ്യം പുരസ്കരിച്ചു് എവിടെയൊവെച്ചു രൂപവൽക്കരിക്കുന്ന പാഠപദ്ധതിയനുസരിച്ചുള്ളതല്ലാതെ, ഓരോ ഭാരതീയനേയും അന്യാശ്രയം കൂടാതെ ജീവിക്കാൻ പ്രാപ്തനാക്കുന്ന വിദ്യാഭ്യാസസമ്പ്രദായം നടപ്പിലാകതന്നെവേണം. ഈ സമ്പ്രദായം ആധുനിക വിദ്യാഭ്യാസരീതിയുമായി ഒരു പൊരുത്തവുമില്ലാത്തതാണ്. അന്യോന്യം ഒരുവിധത്തിലും ബന്ധമില്ലാതെ അകന്നുനില്ക്കുന്ന രണ്ടു സമ്പ്രദായങ്ങളിലൊന്നിൽനിന്നു മറേറതിലേക്കുള്ള കൂതിച്ചുചാട്ടത്തെ വിപ്ലവകരമായെ സാധാരണക്കാർ ഗണിക്കൂ. ആ ചാട്ടം കണക്കറ്റ കുഴപ്പങ്ങൾക്കു കാരണമാകയും ചെയ്യും. ഇതിന്റെ നിവാരണാർത്ഥം ഒരു 'ഇടനില' ഇന്നതന്നെ കാണണമെന്ന ഗവണ്മെണ്ടിനോടു ശുപാർശചെയ്യാനുള്ളതാണെന്റെ പ്രമേയം.. വിദ്യാഭ്യാസ പദ്ധതിയോടടുക്കുവാൻ പറഞ്ഞ ഒരു നിർദ്ദേശം ഗവണ്മെണ്ടിന്റെ മുമ്പിൽവെക്കാൻ ഞാനുദ്ദേശിക്കുന്നില്ല. അങ്ങിനെയൊന്നു് എന്റെ കയ്യിലില്ലാത്തതല്ല അതിനുകാരണം. ഈ കൊല്ലംകൊണ്ടവസാനിക്കുന്ന ഇന്നത്തെ പ്രാഥമിക വിദ്യാഭ്യാസത്തെ ഏ കൊല്ലമാക്കി മാറ്റുന്നതു നന്നായിരിക്കും. ഭാവി പൌരന്മാരെ എഴുതുവാനും വായിക്കാനും അറിവുള്ളവരാക്കുകയാണു പ്രാഥമിക വിദ്യാഭ്യാസത്തിന്റെ പരമോദ്ദേശമെന്നാണു ഗവണ്മെണ്ടു പറയുന്നു. നാമതുവിശ്വസിക്കാറുണ്ടു്. പക്ഷെ യഥാർത്ഥം എന്താണു്. പത്താം ക്ലാസ്സിൽ പഠിക്കുന്ന കുട്ടിക്കുപോലും മലയാളഭാഷ തെറ്റുകൂടാതെ എഴുതുവാനറിയുന്നുണ്ടോ? ഇല്ലെന്നു ഞാൻ ശപഥം ചെയ്യുന്നു. (ഹിയർ ഹിയർ) മാതൃഭാഷക്കു പ്രാധാന്യം നല്കുന്ന ഒരു പാഠപദ്ധതിയനുസരിച്ചു് ഏ കൊല്ലം അദ്ധ്യയനം ചെയ്താൽ ഈ ദോഷം പരിഹരിക്കാൻ സാധിക്കുമെന്നാണെന്റെ വിശ്വാസം. ഇങ്ങിനെ പ്രാഥമിക വിദ്യാഭ്യസകാലം ഏ കൊല്ലമാക്കി വല്പിപ്പിച്ചും, മാതൃഭാഷക്കു പ്രാധാന്യം നല്കീട്ടും, ജീവിതത്തിലൊരിക്കലും ആവശ്യമാകാനിടയില്ലാത്ത വിഷയങ്ങൾക്കു പകരം, ഭൂമിശാസ്ത്രപരങ്ങളും കൃഷിസംബന്ധങ്ങളും വ്യാവസായികങ്ങളുമായ വിവിധ വിഷയങ്ങളെ ഏതെങ്കിലും കരകൌശല കലയോടിണക്കിയും പഠിപ്പിക്കാനേർപ്പാടുചെയ്താൽ മാതൃഭൂമിയെ സഹായിക്കാൻ ശേഷിയുള്ള ഒരു കൂട്ടം ചെറുപ്പക്കാരെ സൃഷ്ടിക്കാൻ നമുക്കു സാധിക്കാതിരിക്കയില്ല. ഉദ്യോഗത്തിനുവേണ്ടിയുള്ളതല്ലാ വിദ്യാഭ്യാസമെന്നുവന്നാൽ ജീവിക്കാനുള്ള മറ്റു സാമഗ്രികൾ ആ കളരികളിൽനിന്നും കരസ്ഥമാക്കിക്കൊണ്ടു് നമ്മുടെ യുവാക്കൾ പുറത്തുവന്നുകൊള്ളും. അതിനുപറ്റിയ ഒരു പദ്ധതിയാണു നമുക്കാവശ്യം. സാഹിത്യപരമായ വിദ്യാഭ്യാസം നല്കുന്ന വിദ്യാലയങ്ങൾ വളരെക്കാലം മുമ്പുതന്നെ ഹാൻറിക്രാഫ് റ് എന്ന പേരിൽ കരകൌശലം പരിശീലിപ്പുവരുന്നുണ്ടു്. എന്നാൽ അതു് കേവലം വിദ്യാലയങ്ങളിൽ സമയം കളയുവാൻവേണ്ടി മാത്രമല്ലാതെ അതുകളിൽനിന്നു പുറത്തുവരുന്ന വിദ്യാർത്ഥികൾക്ക് അഭിവൃദ്ധിക്കു സൌകര്യം നല്കുന്നില്ല. ഏതു വിഷയത്തിലാണ് കുട്ടികളുടെ വാസന അധികം എന്നുള്ളതു ഇന്നാരും നോക്കാറില്ല. അതിനാൽ ഈ നവീന പദ്ധതി നടപ്പിൽ വരുത്തിയാൽ വിദ്യാലയങ്ങളിൽനിന്നു പുറത്തുവരുന്ന വിദ്യാർത്ഥികൾക്ക് അവരുടെ വീട്ടിലിരുന്നുകൊണ്ടുതന്നെ ഉപജീവനമാർഗ്ഗം നേടുവാൻ എളുപ്പം സാധിക്കുന്നതാ

LIBRARY ARCHIVES Kerala Legislative Assembly

ണ്. കൊച്ചിയിലെ വ്യാവസായിക പാഠശാലകളും അതിൽനിന്നും പുറത്തുവരുന്ന കുട്ടികളും നിങ്ങളുടെ സ്മരണയിൽ വരുന്നുണ്ടാകാം. ഏതെങ്കിലും വ്യവസായമഭ്യസിച്ചാൽ അതുകൊണ്ടുപജീവിക്കുവാൻ സാധിക്കുമെന്നുള്ള ബോധത്തെ ഹനിക്കുന്നതാണു് ഈ സ്മരണയെന്നും ഞാനറിയായ്കയില്ല. ഇന്നു വ്യാവസായികപാഠശാലകളിൽ പഠിച്ചുജയിച്ചുവരുന്ന ഒരോ വിദ്യാർത്ഥിയും സക്കാരുദ്യോഗത്തിന്നായി ഓടിനടക്കുകയാണു ചെയ്യുന്നതു്. എന്തു പഠിക്കുന്നതും ഉദ്യോഗത്തിനുവേണ്ടിയാണെന്നുള്ള ഒരു ബോധം ഇന്നത്തെ വിദ്യാർത്ഥികളിൽ ഉറച്ചുകഴിഞ്ഞിട്ടുണ്ടെന്നു് ഈ നില വ്യക്തമാക്കുന്നു. അതിനാൽ ഉദ്യോഗത്തിനായിട്ടാണു വിദ്യാഭ്യാസമെന്ന ബോധത്തെ നിശ്ശേഷം നീക്കിക്കളയുവാനതുകൂതായിരിക്കണം പുതിയ വിദ്യാഭ്യാസരീതിയുടെ പ്രത്യേകതയെന്നു് പാഠപദ്ധതിയിലെവിടെയും പ്രത്യക്ഷമായിരിക്കണമെന്നാണെനിക്കു പറയാനുള്ളതു്. ഇപ്രകാരമുള്ള ഏതെങ്കിലും പാഠപദ്ധതി സ്വീകരിച്ചു് ഇന്നത്തെ വിദ്യാഭ്യാസസംപ്രദായത്തെ ഇപ്പോഠതന്നെ മാറേറണ്ടതാണെന്നുള്ള എന്റെ അഭിപ്രായത്തെ ഈ സഭമുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

മിസ്റ്റർ എ. ഈച്ചരമേനോൻ: വാല്യാപദ്ധതി വന്നപ്പോൾ ഡയറക്ടരവർകൾ അതിനെസംബന്ധിച്ചു് എഴുതിയയച്ചിട്ടുണ്ടായിരുന്നില്ലെ? പിന്നീടു് അതിനെപ്പററിയുണ്ടായിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്നു് അറിവില്ല.

റാവുസാഹിബു് ഐ. എൻ. മേനോൻ: ഞാൻ എഴുതിയയക്കുകയുണ്ടായി.

മിസ്റ്റർ പി. കുമാരനെഴുത്തച്ഛൻ: അതിനെസംബന്ധിച്ച നടപടികൾ ഇപ്പോൾ ഏതു നിലയിലിരിക്കുന്നുവെന്നു് ഞങ്ങൾക്കറിഞ്ഞാൽകൊള്ളാം.

*റാവു സാഹിബു് ഐ. എൻ. മേനോൻ: സർ, ഈ ഉപക്ഷേപത്തിൽ അടങ്ങീട്ടുള്ള ശുപാർശകൾ സ്വീകരിക്കുന്നതിനു് ഗവമ്മെണ്ടിനു പൂർണ്ണമായ സന്നദ്ധതയുണ്ടെങ്കിലും താല്ക്കാലികമായി പ്രായോഗികമായ ചില വിഷമതകളുണ്ടെന്നുള്ളതു് ഈ സഭയെ ധരിപ്പിക്കുകയാണു് എനിക്കാദ്യമായി ചെയ്യുവാനുള്ളതു്. നമ്മുടെ ഇപ്പോഴത്തെ വിദ്യാഭ്യാസപദ്ധതി വളരെക്കാലമായിട്ടു പലേവിധത്തിലുള്ള വിമർശനങ്ങൾക്കു വിധേയമായിട്ടുള്ള ഒന്നാണെന്നു് നിങ്ങൾക്കെല്ലാവർക്കും അറിയാവുന്ന സംഗതിയാണു്. പക്ഷെ വാല്യാ പദ്ധതി ചെയ്തിട്ടുള്ള ഒരു വിമർശനം അത്യധികം പ്രായോഗികമായിട്ടുണ്ടെന്നു സമ്മതിക്കാതെ നിവൃത്തിയില്ല. ആ വിദ്യാഭ്യാസപദ്ധതി പുറത്തുവരുന്നതോടുകൂടി നമ്മുടെ ഗവമ്മെണ്ടും അതിനെ അനുസരിക്കുവാനും അനുകരിക്കുവാനും നിവൃത്തിയുണ്ടോ എന്നു പരിശോധിക്കുവാനായി എന്നോടു് ആവശ്യപ്പെടുകയുണ്ടായി. അതിന്റെ ഫലമായി ഗവമ്മെണ്ടിലേക്കു് ഡയറക്ടർ ഒരു റിപ്പോർട്ടു സമർപ്പിച്ചിട്ടുണ്ടു്. ഏതെങ്കിലും ഒരു പദ്ധതിയെ പുതുക്കുകയോ അതിനെ കൂടുതൽ ഉപകാരപ്രദമാക്കുകയോ ചെയ്യണമെങ്കിൽ അതിലേക്കു കുറച്ചെല്ലാം വ്യയം കൂടാതെ നിവൃത്തിയില്ല. അന്നു് ഈ ഗവമ്മെണ്ടിന്റേയും ഈ രാജ്യത്തിന്റേയും ധനസ്ഥിതി അപ്രകാരം കൂടുതൽ വ്യയംചെയ്യുന്നതിനു് അനുവദിച്ചില്ലെന്നുള്ള കാരണംകൊണ്ടു് തല്ക്കാലം ആ സ്കീം നിറുത്തിവെക്കുകയാണു ചെയ്തതു്. അതുകഴിഞ്ഞിട്ടു് ഏതാണ്ടു് ഇപ്പോൾ മൂന്നു സംവത്സരത്തോളമായി. ഈ മൂന്നു സംവത്സരംകൊണ്ടു് ഈ രാജ്യത്തിന്റേയൊ ഗവമ്മെണ്ടിന്റേയൊ സാമ്പത്തികസ്ഥിതി പൂർവ്വാധികം നന്നാകുകയോ ചീത്തയാകുകയോ എന്താണു ചെയ്തിട്ടുള്ളതു് എന്നുള്ളതു് ആലോചിച്ചിട്ടുവേണം ഈ ഉപക്ഷേപത്തിൽ അടങ്ങീട്ടുള്ള ശുപാർശ ഗവമ്മെണ്ടിനു് അംഗീകരിക്കുവാൻ സാധിക്കുമോ ഇല്ലയോ എന്നു തീർച്ചപ്പെടുത്തുവാൻ. അന്നത്തെ റിപ്പോർട്ടിൽ അടങ്ങീട്ടുള്ള സകല വിവരങ്ങളും ഇവിടെ തല്ക്കാലം എനിക്കു് ഉരോരിക്കുവാൻ സാദ്ധ്യമല്ലെങ്കിലും ഈ ഉപക്ഷേപത്തിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രധാനസംഗതികളും ആ റിപ്പോർട്ടിൽ അടങ്ങീട്ടുണ്ടായിരുന്നു. അതിലെ പ്രധാനമായ ശുപാർശ പ്രാഥമികവിദ്യാഭ്യാസം മാതൃഭാഷയിൽ ആയിരിക്കണമെന്നുള്ളതാണു്. രണ്ടാമത്തെ ശുപാർശ പ്രാഥമികവിദ്യാഭ്യാസത്തിന്റെ കാലനിർണ്ണയം അഞ്ചിന്റേയും ഏഴിന്റേയും നടക്കുള്ള ഒരു സംവത്സരം വേണ്ടതാണെന്നുള്ള ഒരു പദ്ധതി ഗവമ്മെണ്ടു് അംഗീകരിക്കണമെന്നുള്ളതാണു്. ഏഴു് എന്നുള്ളതു് വൈദികമായിട്ടും ലൌകികമായിട്ടും ഒരു ശുഭമായിട്ടുള്ള ഒരു സംഖ്യയാണെന്നുള്ളതു സമ്മതിക്കാതെ നിവൃത്തിയില്ല. ശാസ്ത്രീയമായി നോക്കുകയാണെങ്കിൽ ഏഴുവയസ്സുമുതൽ വിദ്യാഭ്യാസം തുടങ്ങിയാൽ ഏഴു വയസ്സാകുമ്പോൾ ആ വിദ്യാഭ്യാസം ഈ ഏഴുകൊല്ലംകൊണ്ടു സിദ്ധിക്കുമെന്നാണു് സാഹിത്യചിന്തകന്മാരുടെ നിയമമെന്നു് മനഃശാസ്ത്രവിദഗ്ദ്ധന്മാർ പറയുന്നതു്. അതിനെ ആസ്പദമാക്കിയാണു് ഏഴുകൊല്ലക്കാലം എന്നു പ്രാഥമികവിദ്യാഭ്യാസത്തിനു കാലനി

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ണ്ണയം ചെയ്തിട്ടുള്ളതു്. പക്ഷെ താല്പര്യമായ ധനദൌർല്ലഭ്യം അതിനു വിഘാതമായാലോ എന്നു വിചാരിച്ചു് ഏഴില്ലെങ്കിലും അഞ്ചെങ്കിലും ആക്കണമെന്നുള്ള ശുപാർശകൂടി അതിൽ ഉണ്ടായിരുന്നു. മൂന്നാമതായിട്ടുള്ള ഒരു ശുപാർശ പരിപൂർണ്ണമായി ഈ വാല്പാ പദ്ധതിയിൽ പറഞ്ഞിട്ടുള്ളതുപോലെയുള്ള ഒരു പ്രാമാണ്യം കൈത്തൊഴിലിനു നൽകുവാൻ നമ്മുടെ വിദ്യാഭ്യാസപദ്ധതിയിൽ നിവൃത്തിയില്ലെങ്കിലും പ്രാഥമികവിദ്യാഭ്യാസം കഴിഞ്ഞു പുറത്തുവന്നാൽ പ്രയോജനപ്പെടത്തക്കവണ്ണം ഏതെങ്കിലും ഒരു കൈത്തൊഴിൽകൂടി അവരെ പരിശീലിപ്പിച്ചിരിക്കണമെന്നും ആ റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുണ്ടായിരുന്നു. വലിയ അളകം പറഞ്ഞിട്ടുള്ളതിൽ വ്യത്യാസപ്പെടുത്തി എന്തെങ്കിലും ഒരു അഭിപ്രായം പറയുമ്പോൾ അതിനുള്ള കാരണമെന്താണെന്നുകൂടി പറയാതെ തരമില്ല. വാല്പാപദ്ധതിയേക്കാൾ വലിയ ഒരു പദ്ധതിയാണു് എന്റെ റിപ്പോർട്ട് എന്നു ഞാൻ അഭിമാനിക്കുന്നില്ല. വാല്പാപദ്ധതിയിൽ കൈത്തൊഴിലിനു വേണ്ടതിലധികം പ്രാമാണ്യം കൊടുത്തിട്ടുണ്ടെന്നു പറയാതെ നിവൃത്തിയില്ല. ഈ വിധത്തിലാണു് ആ റിപ്പോർട്ടിൽ രേഖപ്പെടുത്തിട്ടുള്ളതു്. "I fear the Wardha scheme treats the individual child with very little consideration. The proposals under examination with their exclusive concentration on handicrafts and too much manual work and too short holidays show very little apprehension of and respect for child nature. In fact the child is treated as a potential worker." വിദ്യാഭ്യാസപദ്ധതി രൂപീകരിക്കുമ്പോൾ നമ്മുടെ രാജ്യത്തിന്റെയോ സമുദായത്തിന്റെയൊ ജീവിതത്തിനുള്ള ഒരു വഴി മാത്രം ലാക്കാക്കിക്കൊണ്ടു നാം പ്രവൃത്തിക്കുന്നതു ശരിയല്ല. വിദ്യാഭ്യാസത്തിന്റെ പ്രധാനമായ ഒരു തത്വം നാം ആദ്യം ആലോചിക്കുവാനുള്ളതു് ആരെയാണു് പഠിപ്പിക്കുവാൻ പോകുന്നതു് എന്നാണു്. പഠിക്കുന്ന ഒരു കുട്ടിയുടെ ഭാവി ജീവിതം എന്തുതന്നെയായിരുന്നാലും, ആ കുട്ടിക്കു വിദ്യാഭ്യാസം ആവശ്യമാണു്. അതല്ലാതെ ആകുട്ടിയുടെ സാംസ്കാരികമായും ആദ്ധ്യാത്മികമായുമുള്ള ആവശ്യങ്ങളെ നീക്കിവെച്ചു് കൈത്തൊഴിൽ പരിശീലിക്കണമെന്നു പറയുന്നതു വിദ്യാഭ്യാസസംബന്ധമായി ന്യായമെന്നു തോന്നുന്ന ഒരു സിദ്ധാന്തമല്ല. അതുകൊണ്ടു് വാല്പാപദ്ധതിയിൽ ഒരു വ്യത്യാസംവരുത്തി കൈത്തൊഴിലിനു് റിപ്പോർട്ടിൽ മൂന്നാമത്തെ സ്ഥാനം കൊടുത്തിരുന്നതു് ബഹുമാനപ്പെട്ട ചിറ്റൂർ മെമ്പർ ഈ മൂന്നു കൊല്ലം കൊണ്ടു് ആ റിപ്പോർട്ടു് എഴുതിയ ആർക്കോ ഗവണ്മെണ്ടിനൊ വല്ല വ്യത്യാസവും വന്നിട്ടുണ്ടൊ എന്നു ചോദിച്ചു. ഉപജീവനത്തിനു ഒരു മാർഗ്ഗം ആവശ്യമാണു്. എന്നാൽ വിദ്യാഭ്യാസം ഉപജീവനത്തിനുവേണ്ടി മാത്രമുള്ളതാണെന്നു് ആർക്കും സമ്മതിക്കുവാൻ സാദ്ധ്യമല്ല. വിദ്യാഭ്യാസംകൊണ്ടു സിദ്ധിക്കേണ്ട കഴിവുകൾ എന്തുതന്നെയായാലും അതു് ഉപജീവനത്തിനുള്ള മാർഗ്ഗം മാത്രമല്ലെന്നു സമ്മതിക്കാതെ തരമില്ല. അതോടുകൂടിതന്നെ സംസ്കാരപരമായ വിദ്യാഭ്യാസംകൊണ്ടു് ഒരു കുട്ടി ഉപജീവനമാർഗ്ഗം തേടുന്നതിനു് അശക്തനാകരുതു് എന്നുള്ള ബഹുമാനപ്പെട്ട നെമ്മാറ മെമ്പറുടെ അഭിപ്രായത്തോടു ഞാനും യോജിക്കുന്നു. ആധുനിക വിദ്യാഭ്യാസം കൊച്ചിയിൽ വന്നതോടുകൂടി ആ പുതിയ വിദ്യാഭ്യാസംകൊണ്ടു് സാദ്ധ്യമാകുവാൻ പോകുന്നുവെന്നുള്ള ഉദ്യോഗത്തിന്റെ സംഖ്യ വളരെ ചുരുങ്ങിട്ടുണ്ടു്. കൊല്ലംതോറും രണ്ടായിരത്തിൽചില്വാനം ആളുകൾ സ്കൂൾഫൈനൽ പരീക്ഷ പാസാകുന്നുണ്ടു്. എന്നാൽ ഒരു കൊല്ലത്തിൽ ൨൦൦-ൽ അധികം ഉദ്യോഗം ഉണ്ടായിരിക്കുമെന്നു തോന്നുന്നില്ല. രണ്ടായിരത്തിലധികം ആളുകൾ ഉദ്യോഗാർത്ഥികളായിട്ടുണ്ടെങ്കിലും ൨൦൦-ൽ അധികം ഉദ്യോഗങ്ങളുടെ ഒഴിവു് ഒരു കൊല്ലത്തിൽ വരുന്നുണ്ടോ എന്നുള്ള കാര്യംതന്നെ സംശയമാണു്. രണ്ടായിരം ആളുകൾക്കു് ഉദ്യോഗം കൊടുക്കുന്നതിനു നിവൃത്തിയില്ലെങ്കിലും വിദ്യാഭ്യാസംമൂലംതന്നെ ജീവിതത്തിനുള്ള മാർഗ്ഗം സിദ്ധിക്കുവാൻ വേണ്ടി അതിനും ഒരു സ്ഥാനം പുതിയ പദ്ധതി രൂപീകരിക്കുമ്പോൾ കൊടുക്കേണ്ടതാണെന്നു ഗവണ്മെണ്ടു സമ്മതിക്കുന്നുണ്ടു്. ഈ മൂന്നു സംവത്സരമായിട്ടു് ഞാൻ മുമ്പു പറഞ്ഞതുപോലെ ഗവണ്മെണ്ടിന്റെ ധനസ്ഥിതി ഈ സ്കീം സ്വീകരിക്കുന്നതിനു് സമ്മതിക്കാതിരിക്കുന്നതുകൊണ്ടു് പുതിയതായി അതിൽ ഒന്നുകൂടി സങ്കുചിതമായിട്ടുള്ള ഒരു സ്കീം ഞാൻ ഗവണ്മെണ്ടിൽ സമർപ്പിക്കുകയുണ്ടായി. സങ്കുചിതമെന്നു പറഞ്ഞതു മനഃസ്ഥിതിയുടെ സങ്കുചിതമെന്നുള്ള അർത്ഥത്തിലല്ല. റിപ്പോർട്ടു് കുറെക്കൂടി ഇഷ്ടമാക്കിയെന്നേയുള്ളൂ. എതു കാര്യവും രണ്ടു തലക്കൽനിന്നും പുറപ്പെടാമല്ലൊ.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ : ആ ചെറിയ സ്കീം അയച്ചതു് എന്നാണു്.

LIBRARY ARCHIVES Kerala Legislative Assembly

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ : പറയാം. വിദ്യാഭ്യാസത്തിനുവേണ്ടി വളരെ ധനവ്യയം ഉണ്ട്. അതിനനുരൂപമായ ഗുണം ഒരു വ്യക്തിക്കോ ഒരു സമുദായത്തിനോ ഇല്ല. അതുകൊണ്ട് വിദ്യാഭ്യാസ പദ്ധതി രൂപാന്തരപ്പെടുത്താനുള്ള കാലം അതിക്രമിച്ചും എന്നാൽ അതു് ഏതുവ ധത്തിലാണ് രൂപാന്തരപെടുത്തുകയെന്നു് ആലോചിച്ചുപ്പോൾ കയ്യിൽനിന്നു പണം വ്യയംചെയ്ത് എവിടെയെങ്കിലുംപോയി വിദ്യാഭ്യാസം ചെയ്യുവാൻ ശക്തിയുള്ളവരെക്കുറിച്ചല്ല ഗവമ്മെണ്ട് ആലോചിക്കുന്നതു്. തങ്ങൾ ജനിച്ചു വളർന്ന സ്ഥലത്തുതന്നെ എന്തെങ്കിലും വിദ്യാഭ്യാസം ചെയ്യുവാനുള്ള സൌകര്യമുണ്ടെങ്കിൽ ചെയ്യാം, പുറത്തുപോയി പണം ചിലവാക്കിപഠിക്കുവാൻ ഒരു തരത്തിലും നിവൃത്തിയില്ല എന്നു വിചാരമുള്ള ആളുകളെക്കുറിച്ചാണ് ആലോചിക്കുന്നതു്. അതായതു് പ്രാഥമിക വിദ്യാഭാസത്തിനാണ് ഒരു പുതിയ രൂപം കൊടുക്കേണ്ടതു്. ബഹുമാനപ്പെട്ട നെമ്മാറ മെമ്പർ പറഞ്ഞതുപോലെ ഫ൦-ാം ക്ലാസ്സു് പാസായി പുറത്തുവരുന്ന ആളുകൾക്കു മാതൃഭാഷയെ സംബന്ധിച്ചിടത്തോളം പറയത്തക്ക യാതൊരു ജ്ഞാനവും ഇല്ലെന്ന സമ്മതിക്കാതെ നിവൃത്തിയില്ല. പ്രാഥമിക വിദ്യാഭ്യാസംകൊണ്ടുതന്നെ സിദ്ധിക്കേണ്ടതായിട്ടുള്ള മാതൃഭാഷാ ജ്ഞാനം ഉപരി വിദ്യാഭ്യാസംകൊണ്ടുകൂടി നമുക്കുണ്ടാകുന്നില്ലെന്നുവന്നാൽ ആ രൂപമാണു് മാറേണ്ടതായിരിക്കുന്നതു്. ഇതിനുള്ള കാലം അതിക്രമിച്ചിരിക്കുന്നുവെന്നുവേണം പറയുവാൻ. അതുകൊണ്ടു് എല്ലാവക്കും ആവശ്യമായിട്ടുള്ളതും എല്ലാവക്കും കഴിവുള്ളതുമായ പ്രാഥമിക വിദ്യാഭ്യാസം ആദ്യം ഗവമ്മെണ്ടു് ഉഷ്ടിപ്പെച്ചുനോക്കി വല്ല ന്യൂനതകളുമുണ്ടെങ്കിൽ അതു തിക്കണമെന്നാണ് ഇപ്പോഴത്തെ ഈ സ്കീമിൽ ആവശ്യപ്പെട്ടിട്ടുള്ളതു്. അതിൽ പ്രധാനമായ ഒന്നാണ് ൪ സംവത്സരം എന്നുള്ള കാലനിർണ്ണയം എടുത്തുകളഞ്ഞു് കുറെകൂടി കൂടുതൽ സംവത്സരങ്ങൾ ആക്കണമെന്നാവശ്യപ്പെട്ടിട്ടുള്ളതു്, ഇതുവേണമെന്നു് ഇതിൽ കാലനിർണ്ണയംചെയ്തിട്ടില്ല ഇപ്പോഴുള്ളതിൽ കൂടുതൽ കൊടുക്കണമെന്നുള്ള ഒരുരൂപാശമാത്രമേ ചെയ്തിട്ടുള്ളു. പ്രാഥമിക വിദ്യാലയങ്ങളിൽ പഠിപ്പിക്കുന്ന പുസ്തകങ്ങളും അതു പഠിപ്പിക്കേണ്ട അദ്ധ്യാപകന്മാരും ഇന്നുള്ളതിൽനിന്നു് ഒന്നു തരം മാറണമെന്നുള്ളതാണ് ശുപാശ്. അയൽരാജ്യമായ തിരുവിതാംകൂറിൽ പ്രാഥമിക വിദ്യാഭ്യാസത്തിന്റെ സ്റ്റാൻണ്ടർഡ് നോക്കിയാൽ അവരെക്കാളും വളരെ താഴ്ന്ന ഒരു നിലയാണു് ഇവിടെയുള്ളതെന്നു സമ്മതിക്കാതെ തരമില്ല.

മിസ്റ്റർ പി. കുമാരൻ എഴുത്തച്ഛൻ : വളരെ വളരെ.

റാവുസാഹിബ്ബ് ഐ. എൻ. മേനോൻ : പരശുരാമന്റെ രാജ്യമായ കേരളത്തിന്റെ കേന്ദ്രമാണു് നമ്മുടെ രാജ്യമെന്നു് അഭിമാനിക്കണമെന്നു നമ്മൾ വിചാരിക്കുന്നുണ്ടെങ്കിൽ ഇവിടെ നമ്മൾ രൂപീകരിക്കുവാൻപോകുന്ന പ്രാഥമിക വിദ്യാഭ്യാസപദ്ധതി ഒരു മാതൃകയായിരിക്കണം. അദ്ധ്യയനത്തിനുള്ള ഗ്രന്ഥം എത്രതന്നെയായിരുന്നാലും, അദ്ധ്യേതാക്കളുടെ മനഃസ്ഥിതിയും ബുദ്ധിശക്തിയും എത്രതന്നെയായിരുന്നാലും അദ്ധ്യാപകന്മാരുടെ ശേഷിയും ശേമുഷിയും അടിസ്ഥാനമാക്കിയാണു് വിദ്യാഭ്യാസം നിലനില്ക്കുന്നതു്. അതുകൊണ്ടു് ഫ൦-ാം ക്ലാസ്സു് പാസ്സായിട്ടു് ഒരു സർട്ടിഫിക്കറും ഒരു പർമിറും വാങ്ങിക്കൊണ്ടു് അദ്ധ്യാപകവൃത്തിക്കു വരുന്ന ആളുകൾ അതിനു അനുയോജ്യരാണോ എന്നുള്ളതു് ഒന്നു പരിശോധിക്കണം. മാതൃഭാഷയിൽ കൂടുതൽ പരിജ്ഞാനമുള്ളവരായിരിക്കണം അദ്ധ്യാപകന്മാരായി വരുന്നതു് എന്നാണു് റിപ്പോർട്ടിൽ ആവശ്യപ്പെട്ടിട്ടുള്ളതു്. മാതൃഭാഷാസാഹിത്യത്തിലും കുറച്ചു സംസ്കൃതത്തിലും ഉള്ള ജ്ഞാനമില്ലാതെ വേണ്ടപോലെ മാതൃഭാഷയെ പഠിപ്പിക്കുവാൻ സാദ്ധ്യമല്ലെന്നു് എന്റെ ചുരുങ്ങിയ പരിചയത്തിൽ എനിക്കറിയാം. മലയാളഭാഷയിലുള്ള പദങ്ങളിൽ ൫൦ ശതമാനവും സംസ്കൃതഭാഷയിൽനിന്നു സിദ്ധിച്ചിട്ടുള്ളവയാണു്. മലയാളഭാഷയിൽ സ്കൂലിതങ്ങളില്ലാതിരിക്കണമെങ്കിൽ സംസ്കൃതത്തിൽ ചുരുങ്ങിയ ഒരു ജ്ഞാനവും മലയാളസാഹിത്യത്തിൽ ധാരാളമായ ജ്ഞാനവും ആവശ്യമാണു്. അതുകൊണ്ടു് പ്രാഥമിക വിദ്യാഭ്യാസം നന്നാക്കുവാൻ വേണ്ടി അദ്ധ്യാപകന്മാരെ ഒന്നുകൂടി നിഷ്കൃഷ്ടിച്ചു് തിരഞ്ഞെടുക്കണമെന്നാണു് ആവശ്യപ്പെട്ടിട്ടുള്ളതു്.

Deputy President: Will you take much time?

Rao Sahib I. N. Menon: Yes, Sir.

Deputy President: The House now stands adjourned to 11 a.m. tomorrow.

The House rose for the day at 5 p. m.

N. S. RADHAKRISHNA SARMA

Secretary to the Council

LIBRARY ARCHIVES Kerala Legislative Assembly